**ക്രമപ്രശ്നം**

1) ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം ആരംഭിക്കുന്നത് സംബന്ധിച്ച് സാമാജികർക്കുള്ള സമൻസ് 19-09-2024-ൽ ഭരണഘടനയുടെ ആർട്ടിക്കിൾ- 174(1) പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തോടെ നിയമസഭാ സെക്രട്ടറി അയച്ചുതന്നിരുന്നു. നിയമസഭ ചേരുന്നതിന് സമൻസ് അയച്ചതിനുശേഷം 27-09-2024-ന്, The Kerala Taxation Laws (Amendment) Ordinance, 2024 എന്ന പേരിൽ 2022-ലെ 2-ാം നമ്പർ ഓർഡിനൻസ് പ്രഖ്യാപിച്ച നടപടിയിലേക്ക് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. നിയമസഭാ സമ്മേളനം ചേരുന്നതിന് സമൻസ് നൽകിയതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഉചിതമായ നടപടിയല്ല. ഇതുസംബന്ധിച്ച് 1986 നവംബർ 7-ന് വ്യക്തമായ റൂളിംഗ് ചെയർ നൽകിയിട്ടുണ്ട്. അതുകൂടാതെ 13-06-1989, 18-02-1994, 09-12-1997, 07-02-2006 തീയതികളിൽ ഉൾപ്പെടെയുള്ള മുൻകാല റൂളിംഗുകൾക്ക്

വിരുദ്ധമായിട്ടാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് മാത്രമല്ല, അത് റീപ്ലേസ് ചെയ്യാനുള്ള ബിൽ സഭയിൽ അവതരിപ്പിക്കാനും സർക്കാർ തയ്യാറായിട്ടില്ല. ഇത് ഭരണഘടനാപരമായ ഒരു കാര്യമാണ്. ഇക്കാര്യത്തിൽ കൃത്യമായൊരു impropriety യുണ്ട്. This is a clear case of the colourable exercise of power of the Government to ignore the Legislature. സുപ്രീംകോടതിയിലെ വിഖ്യാത നിയമജ്ഞനായ Justice P. N. Bhagwati-യുടെ നേതൃത്വത്തിലുള്ള അഞ്ചംഗ ബെഞ്ചിന്റെ, ‘ Ordinance- -Raj' സംബന്ധിച്ച ഒരു വിധിയിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു,

“ This is clearly contrary to the constitutional scheme and it must be held to be improper and invalid. It is hoped and trusted that such practice shall not be continued in the future and that whenever an Ordinance is made and the Government wishes to continue the provisions of the Ordinance in force after the assembling of the Legislature, a Bill will be brought before the Legislature for enacting

those provisions into an Act. There must not be Ordinance - - Raj in the country" .

ഓർഡിനൻസിൽ നിരാകരണപ്രമേയം വയ്ക്കുകയും ബിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്, ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുന്നത്. എന്ത് അത്യാവശ്യ സാഹചര്യത്തിലാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നതെന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ ഓർഡിനൻസ് നിരാകരിച്ച്, ഭരണഘടനയുടെ ആർട്ടിക്കിൾ-213 അനുസരിച്ച് നിരാകരണപ്രമേയം വരുമ്പോൾ മാത്രമാണ് എന്ത് സാഹചര്യത്തിലാണ് ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് മനസ്സിലാകുന്നത്. റൂൾ 75(1)-ൽ കുറച്ചുകൂടി വ്യക്തത വരുത്തിക്കൊണ്ട് ഓർഡിനൻസ് മേശപ്പുറത്ത് വയ്ക്കുമ്പോൾത്തന്നെ എന്താണ് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്ന് വ്യക്തത വരുത്തുന്നത് ഉചിതമായിരിക്കും. ഇത് അടിയന്തരപ്രാധാന്യമുള്ള ഒരു ബിൽ അല്ല എന്നുള്ളതാണ് ഞങ്ങളെ അത്ഭുതപ്പെടുത്തുന്നത്. ഈ ബിൽ പാസ്സായില്ലെങ്കിലോ ഇതിനുപകരം ഓർഡിനൻസ്

പുറപ്പെടുവിച്ചിരുന്നില്ലെങ്കിലോ ഒരുതരത്തിലുള്ള constitutional crisis-ഉം ഉണ്ടാകില്ല. അങ്ങനെയൊരു അടിയന്തര സാഹചര്യം വരുമ്പോൾ മാത്രമാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുന്നത്. സഭാസമ്മേളനത്തിന് സമൻസ് കൊടുത്തതിനുശേഷം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുക, ആ ഓർഡിനൻസ് സഭ സമ്മേളിക്കുമ്പോൾ ബില്ലായി റീപ്ലേസ് ചെയ്യാതിരിക്കുക എന്നതൊക്കെ നിയമസഭയോടുള്ള അവഹേളനമായി കണക്കാക്കണം. സഭയിലെ മുൻകാല റൂളിംഗുകളെ കാറ്റിൽ പറത്തിക്കൊണ്ടുള്ളതാണ് ഈ നടപടി. Justice P. N. Bhagwati-യുടെ വിധിന്യായത്തിൽ പരാമർശിച്ചതുപോലെ consititutional scheme-ന് എതിരായിട്ടുള്ള ഒരു നടപടിയാണിത്. ഇത് അനുവദിക്കാൻ പാടില്ലെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അത് ക്രമത്തിലല്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയത് സഭയ്ക്കുള്ള നോട്ടീസ് നൽകിയതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ചാണ്. ഒരുകാര്യം അദ്ദേഹം ഇതിന്റെകൂട്ടത്തിൽ സൂചിപ്പിക്കുകയുണ്ടായി, Justice P. N. Bhagwati-യുടെ വിധിന്യായത്തിൽ ‘ Ordinance - Raj’

സംബന്ധിച്ചിട്ടുള്ളത്. നിയമസഭയിൽ ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും The Kerala Taxation Laws (Amendment) Ordinance, 2024 അല്ലാതെ മറ്റൊരു ഓർഡിനൻസും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഇപ്പോൾ പുറപ്പെടുവിച്ചിട്ടില്ല, നിലനിൽക്കുന്നില്ല. അതുകൊണ്ടാണ് അഭിമാനപൂർവ്വം പറയുന്നത് കേരള നിയമസഭ അക്കാര്യത്തിൽ പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. സഭയുടെ പൊതുവിലുള്ള വികാരവും ചെയറിന്റെ റൂളിംഗുകളും പരിഗണിച്ചുകൊണ്ട് പരമാവധി ഓർഡിനൻസുകൾ ഒഴിവാക്കുകയെന്ന നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയിൽ ഓർഡിനൻസ് സംബന്ധിച്ചുള്ള ചട്ടങ്ങൾ വളരെ വ്യക്തമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ-213-ൽ മൂന്ന് കാര്യങ്ങളാണ് പറയുന്നത്. ഒന്ന്, രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമുള്ള കാര്യങ്ങളിൽ നിർദേശം കൂടാതെ ഓർഡിനൻസ് പ്രഖ്യാപിക്കാൻ പാടുള്ളതല്ല. രണ്ട്, രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ള ബില്ലുകൾ നിലനിൽക്കുമ്പോൾ അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബിൽ ഓർഡിനൻസ് രൂപത്തിൽ പ്രഖ്യാപിക്കാൻ പാടില്ല. മൂന്ന്, ഗവർണർക്ക്

ഓർഡിനൻസ് പ്രഖ്യാപിക്കുന്നതിന്റെ അടിയന്തര സാഹചര്യം സംബന്ധിച്ച് വ്യക്തത വരണം. നിയമസഭാ സമ്മേളനകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കാൻ പാടില്ല. എന്താണ് സെഷൻ എന്നത് നിയമസഭാ ചട്ടം 2-ൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭാ സമ്മേളനകാലം എന്നാൽ അസംബ്ലി കൂടുന്നത് മുതൽ അവസാനിപ്പിക്കുന്നതുവരെയുള്ള മുഴുവൻ കാലം എന്നാണ് അർത്ഥമാക്കുന്നത്. നോട്ടീസ് നൽകുന്ന സമയം മുതൽ എന്നുള്ള വ്യഖ്യാനം റൂളിംഗിന്റെ ഭാഗമായി വന്നിട്ടുണ്ടെങ്കിലും സഭ തുടങ്ങുന്നതു മുതൽ അവസാനിക്കുന്ന സമയം വരെയുള്ളതാണ് സെഷൻ എന്ന് ഭരണഘടനയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഇന്ന് രാജ്യത്താകെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ‘ ’ The State of Punjab vs. Principal Secretary to the Governor of Punjab and Another’ ’ -ൽ ജസ്റ്റിസ് ശ്രീ. ഡി. വൈ. ചന്ദ്രചൂഡിന്റെ വിധിന്യായത്തിൽ വളരെ കൃത്യമായി പരാമർശിക്കുന്നുണ്ട്,

“ A session is the period of time between the meeting of a Parliament, whether after the prorogation or dissolution, and its prorogation….”

അതായത് സെഷൻ എന്നാൽ സഭ തുടങ്ങി അവസാനിക്കുന്നതുവരെയുള്ള കാലയളവാണ്. സെഷന്റെ വിശദീകരണം വളരെ കൃത്യമായിത്തന്നെ മറ്റ് വിധിന്യായങ്ങളിലും കാണാൻ സാധിക്കും.

“ A house is said to be in session from the date of its first meeting until its prorogation or dissolution.”

ഭരണഘടനയിൽ പറയുന്ന സെഷൻ എന്നുള്ളത് സഭ തുടങ്ങി അവസാനിക്കുന്നതുവരെയുള്ള കാലയളവാണ്. ഭരണഘടനാവിരുദ്ധമായിട്ടുള്ള ഒന്നുംതന്നെ ഇതിൽ വന്നിട്ടില്ല. ഇത്തരം കാര്യങ്ങൾ പരമാവധി ഒഴിവാക്കണമെന്നുള്ള റൂളിംഗുകളുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയതും അതുതന്നെയാണ്. സമൻസ് അയച്ചതിനുശേഷം ഓർഡിനൻസ് പ്രഖ്യാപിച്ച സമാനമായ ഒരു സാഹചര്യം 1993-ൽ ഉണ്ടായിട്ടുണ്ട്. ഏഴ്, എട്ട്, ഒൻപത് കേരള നിയമസഭയിലും ഇത് കാണാൻ കഴിയും. എന്നാൽ ഇത് അനഭിലഷണീയമാണ് എന്ന റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നത് അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് ഭരണഘടന ഇങ്ങനെ വ്യവസ്ഥ ചെയ്യുന്നത്. സെഷൻ നടക്കുന്ന സന്ദർഭത്തിലാണല്ലോ നിയമം കൊണ്ടുവരേണ്ടത്. സഭ

സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ആ അധികാരം ഗവർണർ വഴി എക്സിക്യൂട്ടീവ് വിനിയോഗിക്കുന്നതാണ്. എക്സിക്യൂട്ടീവ് നിയമസഭയെ ദുർബലപ്പെടുത്തുന്നത് സെഷൻ നടക്കുന്ന സന്ദർഭത്തിൽ ആ അധികാരം വിനിയോഗിക്കുമ്പോഴാണ്. ഈ റൂളിംഗ് വന്നിട്ടുള്ളത് 2016-ന് മുൻപാണ്. 2016-ലാണ് 101-ാം ഭരണഘടനാ ഭേദഗതി വരുന്നത്. അതോടുകൂടിയാണ് ഏകനികുതി സംവിധാനത്തിലേക്ക് മാറുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അതിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കുമെന്ന് കരുതുന്നു. ജി.എസ്.ടി. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024-ൽ 51, 52 യോഗങ്ങളുടെ ഭേദഗതികൾപ്രകാരം കേന്ദ്രസർക്കാർ ജി.എസ്.ടി. നിയമം ഭേദഗതി ചെയ്തു. ശ്രീ. മാത്യു ടി. തോമസ് ഒരു നിയമം സംബന്ധിച്ച് നിയമസഭയിൽ കൊണ്ടുവന്ന ക്രമപ്രശ്നം ഞാനോർക്കുന്നു. അദ്ദേഹത്തിന് ഭരണഘടനയുടെ 20(1) വളരെ കൃത്യമായി അറിയാം. അതുപ്രകാരം ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഒരു ശിക്ഷ വിധിക്കേണ്ടത്. അതായത്, ശിക്ഷകൾക്ക് retrospective effect ഇല്ല. നിലവിലെ കേന്ദ്ര

ജി.എസ്.ടി. നിയമത്തിൽ ശിക്ഷാവ്യവസ്ഥകളുണ്ട്, അത് സിവിൽ, ക്രിമിനൽ കേസുകൾക്ക് ഒരുപോലെ ബാധകമാണ്. അതിൽ പല വ്യഖ്യാനങ്ങളുമുണ്ടാകാം. എന്നാൽ, പ്രസ്തുത ശിക്ഷാവ്യവസ്ഥകൾ കേന്ദ്രനിയമത്തിൽ നിൽക്കുന്നു. 2024 ഒക്ടോബർ 1 മുതൽ സംസ്ഥാന നിയമത്തിൽ കുറ്റമല്ല, എന്നാൽ കേന്ദ്രനിയമത്തിൽ ഒക്ടോബർ 1 മുതൽ കുറ്റമാണ്. നിയമസഭ സമ്മേളിച്ചതിനുശേഷം ഒരു ബിൽ കൊണ്ടുവന്നാൽ, ആ ബിൽ പാസ്സാക്കി വരുന്ന കാലയളവിൽ കേന്ദ്ര നിയമത്തിൽ കുറ്റകരമായ ശിക്ഷകൾ സംസ്ഥാന നിയമത്തിൽ കുറ്റകരമല്ലാതിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമുണ്ടാകും. അതുകൊണ്ട് ഭരണഘടനാപരമായ പ്രശ്നങ്ങൾ കൂടി പരിഹരിച്ചുകൊണ്ടാണ് ഈ നിലപാട് സ്വീകരിച്ചത്. എന്നാൽ ഈ നിയമസഭയിൽ തന്നെ ഓർഡിനൻസ് പാസ്സാക്കണം എന്നത് തന്നെയായിരുന്നു സർക്കാരിന്റെ സമീപനം. നിയമസഭാ ചട്ടങ്ങളനുസരിച്ച് ബിൽ പ്രസിദ്ധീകരിച്ചതിനുശേഷം മൂന്ന് ദിവസത്തെ സാവകാശം അംഗങ്ങൾക്ക് നൽകണം; ബിൽ അവതരിപ്പിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് വീണ്ടും രണ്ടുദിവസത്തെ സാവകാശം കൂടി

നൽകണം. കാര്യോപദേശക സമിതിയാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്. നിയമസഭയുടെ പൊതുകാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കുന്നതാണ്. നിയമപരമായും ഭരണഘടനാപരമായും വളരെ കൃത്യമാണ്. 2016-നുശേഷം ഈ റൂളിംഗ് അപ്രസക്തമാകുന്ന, നികുതിഘടനയെ സംബന്ധിച്ച, ഒരു ഭരണഘടനാ ഭേദഗതി വന്നിരിക്കുന്നു, അതുകൂടി പരിഗണിക്കണം. ഭരണഘടനാപ്രകാരവും ചട്ടപ്രകാരവും സെഷനിൽ ഓർഡിനൻസ് കൊണ്ടുവരാൻ പാടില്ല എന്നുമാത്രമേയുള്ളൂ. ഒരൊറ്റ ഓർഡിനൻസ് പോലും നിയമസഭയിൽ പ്രഖ്യാപിക്കാത്തത്, ഓർഡിനൻസ് സംവിധാനത്തോട് സർക്കാരിന് താൽപര്യമില്ലെന്ന് വ്യക്തമാക്കുന്നതാണ്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ, ആവശ്യമെങ്കിൽ, അത് കൊണ്ടുവരേണ്ടിവരും എന്നുകൂടി സൂചിപ്പിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പ്രധാനപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. "ഒരു രാജ്യം ഒരു നികുതി"

എന്ന ലക്ഷ്യത്തോടെ 101-ാം ഭരണഘടനാ ഭേദഗതി ആക്ട് മുഖേന ഭരണഘടന ഭേദഗതി ചെയ്തതിനെത്തുടർന്നാണ് ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരാനും അതിനുശേഷം നിയമം പാസ്സാക്കാനുമുള്ള സാഹചര്യമുണ്ടായത്. ജി.എസ്.ടി. നിയമം നിലവിൽവന്നതിനുശേഷം സാധാരണയായി തുടരുന്ന ഒരു പ്രാക്ടീസ്, ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയെത്തുടർന്ന് കേന്ദ്രനിയമത്തിലും തുടർന്ന് സമാനമായ ഭേദഗതികൾ സംസ്ഥാന നിയമത്തിലും വരുത്തിക്കൊണ്ടുമാത്രമെ ജി.എസ്.ടി. നിയമം നടപ്പാക്കാൻ കഴിയുകയുള്ളൂ എന്നതാണ്. കേന്ദ്ര നിയമം പാസ്സാക്കി കഴിഞ്ഞാൽ കേന്ദ്ര പരോക്ഷ നികുതി ബോർഡ് ആയത് സംബന്ധിച്ച് അതത് സമയത്ത് ആവശ്യപ്പെടാറുണ്ട്. ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയെത്തുടർന്ന് 2024-ലെ പൊതുതിരഞ്ഞെടുപ്പിനുമുമ്പും അതിനുശേഷവും കേന്ദ്രസർക്കാർ ഈ പ്രത്യേക ഓർഡിനൻസിന്റെ കാര്യത്തിൽ രണ്ട് ധനകാര്യ ആക്റ്റുകൾ കൊണ്ടുവരികയും അതുവഴി കേന്ദ്ര ജി.എസ്.ടി. ആക്റ്റിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു. ആയതിനാൽ സംസ്ഥാനവും തുടർനടപടികൾ സ്വീകരിക്കാൻ കേന്ദ്ര പരോക്ഷ നികുതി ബോർഡ് നിർദേശിച്ചിരുന്നു.

ആയതിലേക്കുള്ള ഭേദഗതി ബിൽ തയ്യാറാക്കുകയും വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ ചില വ്യവസ്ഥകൾ കേന്ദ്ര സർക്കാർ 2024 ഒക്ടോബർ മാസം ഒന്നാം  തീയതി മുതൽ പ്രാബല്യം നൽകി വിജ്ഞാപനം ചെയ്തു. മുമ്പ് സൂചിപ്പിച്ചതുപോലെ സ്വാഭാവികമായും സംസ്ഥാനവും അതെ തീയതിയിൽത്തന്നെ സംസ്ഥാന ഭേദഗതിയും പ്രാബല്യത്തിൽ വരുത്തണം. എന്നാൽ പ്രസ്തുത ഭേദഗതിയിലെ ഒരു വ്യവസ്ഥ ഇപ്രകാരമാണ്; 122 എ, ചരക്കുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന ചില യന്ത്രങ്ങൾ പ്രത്യേക നടപടിക്രമങ്ങളാൽ രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ.-(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ 148-ാം വകുപ്പിന്റെകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രത്യേക നടപടിക്രമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ട യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് ചരക്കുകളുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഒരാൾ പ്രസ്തുത പ്രത്യേക നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ അയാൾക്ക് XV-ാം അധ്യായത്തിലോ ഈ അധ്യായത്തിലോ മറ്റേതെങ്കിലും വ്യവസ്ഥകളോ

പ്രകാരം നൽകിയതോ നൽകാനുള്ളതോ ആയ ശിക്ഷയ്ക്കുപുറമെ അപ്രകാരം രജിസ്റ്റർ ചെയ്യാത്ത ഓരോ യന്ത്രത്തിനും ഒരു ലക്ഷം രൂപയ്ക്ക് തുല്യമാകുന്ന ശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്. ഈ വ്യവസ്ഥ സിവിൽ കുറ്റകൃത്യങ്ങൾക്കുമേലുള്ള ഒരു ശിക്ഷാ വ്യവസ്ഥയാണ്. ഭാരതത്തിന്റെ ഭരണഘടനാ അനുച്ഛേദം 20 (1) പ്രകാരം ഒരു ശിക്ഷാവ്യവസ്ഥയ്ക്ക് മുൻകാല പ്രാബല്യം നൽകിക്കൊണ്ട് നിയമമുണ്ടാക്കാൻ സാധിക്കില്ലെന്നുള്ളത് തൊട്ടുമുമ്പ് ഇവിടെ വീണ്ടും വിശദീകരിച്ചിട്ടുണ്ട്. അത്തരം ഒരു നിയമം സാധാരണഗതിയിൽ സ്വീകരിക്കാറില്ല, അത് ഭരണഘടനാ വിരുദ്ധമാണ്. എന്നാൽ, കേന്ദ്ര നിയമത്തിന് അനുസൃതമായി സംസ്ഥാന നിയമവും ഒക്ടോബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വരണമെന്നുള്ളത് ഇതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത്. നിയമസഭ വിളിച്ചുചേർക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും അത് ഒക്ടോബർ മാസം 4-ന് മാത്രമെ ചേരുന്നുള്ളൂ. പ്രസ്തുത സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയാലും ഒക്ടോബർ മാസം പകുതിക്കുശേഷം മാത്രമെ നിയമം സാധാരണഗതിയിൽ പ്രാബല്യത്തിൽ വരികയുള്ളൂ. ഈ സമയമത്രയും കേന്ദ്രനിയമവും

സംസ്ഥാനനിയമവും തമ്മിൽ വൈരുദ്ധ്യമുണ്ടാകുകയും ധാരാളം നിയമപരമായ പ്രശ്നങ്ങളുണ്ടാകുകയും ചെയ്യും. ഇത് ഒഴിവാക്കുന്നതിനാണ് സർക്കാർ ഓർഡിനൻസിന്റെ മാർഗം സ്വീകരിച്ചത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 2(1) (ബി) അനുസരിച്ച് "നിയമസഭാ സമ്മേളനകാലം" എന്നാൽ, അസംബ്ലി കൂടുന്നത് മുതൽ അത് അവസാനിക്കുന്നതുവരെയുള്ള മുഴുവൻ കാലം എന്നർത്ഥമാകുന്നു;' എന്നാണ്. ഓർഡിനൻസ് പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് അധികാരം നൽകുന്നത് ഭരണഘടനയുടെ അനുഛേദം 213 ആണ്. സഭ സമ്മേളനത്തിൽ അല്ലാതെയിരിക്കുമ്പോൾ അടിയന്തര നിയമനിർമ്മാണത്തിനാണ് ഈ അധികാരം വിനിയോഗിക്കുന്നത്. സഭയുടെ സമ്മേളനം അഥവാ 'നിയമസഭാ സമ്മേളനകാലം എന്നാൽ അസംബ്ലി കൂടുന്നത് മുതൽ അത് അവസാനിക്കുന്നതുവരെയുള്ള മുഴുവൻ കാലം' എന്നാണ് നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലായിടത്തും വിശദീകരിച്ചിട്ടുള്ളത്. ഭരണഘടനാ അനുഛേദം 213 ഇപ്രകാരമാണ്; “ Power of Governor to promulgate Ordinances during recess of Legislature (1) If at any time,

except when the Legislative Assembly of a State is in session, or where there is a Legislative council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require:" . ഇതനുസരിച്ച് വളരെ വിശദമായ നിയമ പരിശോധനകൾ നടത്തിയതിനുശേഷമാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. " Session means the whole period from the time when the Assembly meets to the time when it is prorogued" എന്നാണ് പ്രസ്തുത അനുച്ഛേദം വ്യാഖ്യാനിച്ചുകൊണ്ട് പ്രമുഖ ഭരണഘടനാ വിദഗ്ധൻ ദുർഗ ദാസ് ബസു 'സെഷൻ' വിശദീകരിച്ചത്. 2023-ലെ State of Punjab v. Principal Secretary to the Governor of Punjab and Another എന്ന കേസിലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി May' s Parliamentary Practice ആസ്പദമാക്കി session എന്നത്; " In May' s Parliamentary Practice, which has assumed the status of a classic on the subject and is

usually regarded as an authoritative exposition of parliamentary practice, it is sated:

A session is the period of time between the meeting of a Parliament, whether after the prorogation or dissolution," എന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഇതിൽനിന്നും സഭാ സമ്മേളനം വിളിച്ചുചേർക്കാൻ തീരുമാനിച്ചിരുന്നെങ്കിലും സമ്മേളനം ആരംഭിച്ചിട്ടില്ലാത്തതിനാൽ സഭ സമ്മേളനത്തിലല്ലായിരുന്നുവെന്ന് കാണാവുന്നതാണ്. സഭ വിളിച്ചുചേർക്കാൻ തീരുമാനിച്ചതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് അനുചിതമാണെന്ന് ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ മുൻകാല റൂളിംഗുകളുണ്ടെന്നുള്ളത് ശരിയാണ്. അസാധാരണമായ സാഹചര്യങ്ങളിലല്ലാതെ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാടില്ലെന്നും ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പരമോന്നത നീതിപീഠവും Dr. D. C. Wadhwa & Others. vs. State of Bihar, Krishna Kumar Singh vs. State of Bihar എന്നീ കേസുകളിലും അസാധാരണ സാഹചര്യങ്ങളിൽ മാത്രം വിനിയോഗിക്കപ്പെടേണ്ടതാണ് ഈ അധികാരമെന്ന്

പറഞ്ഞിട്ടുള്ളതിനോട് നൂറ് ശതമാനവും യോജിക്കുന്നു. എന്നാൽ പ്രസ്തുത റൂളിംഗുകളും വിധിന്യായവും 101-ാം ഭരണഘടനാ ഭേദഗതിക്ക് മുമ്പുണ്ടായതാണെന്ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. 101-ാം ഭരണഘടനാ ഭേദഗതി പ്രകാരം ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയെത്തുടർന്ന് കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ഒരേസമയത്ത് നിയമഭേദഗതി വരുത്താത്തപക്ഷം നികുതിപിരിവിലും അത് കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കുന്നതിലും അസാധാരണമായ സാഹചര്യം സൃഷ്ടിക്കപ്പെടുന്നതാണ്. അതിലും സങ്കീർണ്ണമാണ് പ്രസ്തുത നിയമങ്ങളിലുള്ള ശിക്ഷാവ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നത്. ഒരേ പ്രവൃത്തി കേന്ദ്ര നിയമപ്രകാരം കുറ്റകൃത്യമാകുകയും സംസ്ഥാന നിയമപ്രകാരം കുറ്റകൃത്യമല്ലാതായിരിക്കുകയും ചെയ്യുന്നത് നിയമങ്ങളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നതും കുറ്റവാളികൾ രക്ഷപെടാൻ ഇടയാക്കുന്നതുമാണ്. മാത്രമല്ല, ശിക്ഷാനിയമത്തിന് മുൻകാല പ്രാബല്യം നൽകാൻ കഴിയില്ലെന്നുള്ള ഭരണഘടനാപരമായ വിലക്കുമുണ്ട്. 2024-ലെ The

Kerala Taxation Laws (Amendment) Ordinance പുറപ്പെടുവിക്കാനുണ്ടായ അസാധാരണമായ സാഹചര്യം ഇതൊക്കെയാണ്. ഇതല്ലാതെ സർക്കാരിന്റെ മുമ്പിൽ മറ്റ് പോംവഴികളില്ലായിരുന്നു. നിയമസഭാ സമ്മേളനം വിളിച്ചുചേർത്തുകൊണ്ടുള്ള അറിയിപ്പ് പുറപ്പെടുവിച്ചശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്ന നടപടിക്രമം പ്രോപ്പറല്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഈ ഒരു സാഹചര്യത്തിൽ വ്യത്യസ്തമായി കണ്ടുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന അഭ്യർത്ഥനയാണുള്ളത്. ഓർഡിനൻസുകൾ കാരണമില്ലാതെ പുനർവിളംബരം ചെയ്യുന്നത് അനുചിതമാണെന്ന ബഹുമാനപ്പെട്ട പരമോന്നത നീതിപീഠത്തിന്റെ വിധിന്യായങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടാണ് 2024-ലെ Kerala Taxation Laws (Amendment) Ordinance-നുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനാണ് 2024-ലെ Kerala Taxation Laws (Amendment) Bill പതിനഞ്ചാം കേരള നിയമസഭയുടെ 224-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ ബിൽ ഇന്ന് രാവിലെ സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ

ഉടൻതന്നെ നിയമസഭയെയും നിരവധി അധികാരസ്ഥാനങ്ങളെയും അറിയിക്കേണ്ടതും പകർപ്പ് നൽകേണ്ടതുമുണ്ട്. അംഗീകരിക്കപ്പെട്ട ഓർഡിനൻസിനുപകരമുള്ള ബിൽ ആയതിനാൽ അതിന് വീണ്ടും അംഗീകാരം തേടേണ്ടതായിവരികയും ഗവർണ്ണറിൽനിന്നും ക്യാബിനറ്റ് അംഗീകരിച്ച് വീണ്ടും ഗവർണ്ണർ അംഗീകരിച്ച് ഒപ്പുവച്ച് വരേണ്ടതുണ്ട്. അതിന് സമയമെടുത്തു. മാത്രമല്ല, അപ്രകാരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ ഉൾപ്പെടുത്തുകയും വേണം. ഭരണഘടനാപരമായ നടപടിക്രമങ്ങൾ നിയമസഭ സമ്മേളനത്തിൽ ആയതുകൊണ്ട് അടിയന്തരമായി പൂർത്തീകരിച്ചുകൊണ്ടാണ് ബിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. നിയമസഭാ നടപടിക്രമമനുസരിച്ച് ബിൽ പ്രസിദ്ധീകരിച്ച് മൂന്ന് ദിവസത്തെ സാവകാശത്തിനുശേഷമേ അത് അവതരിപ്പിക്കാറുള്ളൂ. അവതരിപ്പിക്കപ്പെട്ട ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം വരുമ്പോഴും അംഗങ്ങൾക്ക് ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി വീണ്ടും രണ്ടുദിവസത്തെ സാവകാശം അനുവദിക്കേണ്ടതുണ്ട്. നിയമസഭ വിളിച്ചുചേർക്കാൻ മന്ത്രിസഭായോഗം

ബഹുമാനപ്പെട്ട ഗവർണ്ണറോട് ശിപാർശ ചെയ്തുകൊണ്ട് അറിയിപ്പ് നൽകുകയും അതുപ്രകാരം സഭ ചേരുകയും ചെയ്തുകഴിഞ്ഞാൽ തുടർന്ന് സഭയുടെ നടപടിക്രമങ്ങൾ തീരുമാനിക്കുന്നത് സഭയുടെ കാര്യോപദേശക സമിതിയാണ്, സഭയാണ്. മുമ്പ് നിശ്ചയിച്ചിരുന്ന കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ട് സഭാ സമ്മേളനം നേരത്തെ പൂർത്തീകരിക്കാൻ തീരുമാനിച്ചതും കാര്യോപദേശക സമിതിയാണ്. സാധാരണഗതിയിൽ ബിൽ വരികയും 18-ാം തീയതിയാണ് സഭ അവസാനിക്കുന്നതുമെങ്കിൽ ഇന്ന് ബിൽ വന്നാൽ നടപടിക്രമം അനുസരിച്ച് 17-ാം തീയതി അത് പാസ്സാക്കാമായിരുന്നു. ഒരേയൊരു ഓർഡിനൻസാണ് നിലവിലുള്ളത്, അതിന് പകരമായുള്ള ബിൽ സഭയുടെ മേശപ്പുറത്ത് വന്നിട്ടുണ്ട്. അത് പാസ്സാക്കുന്നതിന് റൂളിംഗ് നൽകിയതിനുശേഷം ചെയ്യേണ്ടതാണെങ്കിലും ഇക്കാര്യം ഇപ്പോൾ സൂചിപ്പിക്കുകയാണ്. സാധാരണ നടപടിക്രമം അനുസരിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സഭയും അംഗീകരിക്കേണ്ടതാണ്. ഇത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജി.എസ്.ടി. കൗൺസിലിൽ അംഗീകരിക്കുന്നതുപോലെതന്നെ ഇവിടെയും അംഗീകരിക്കുകയെന്നുള്ള നടപടിക്രമമാണ്. ഈ സഭയിൽ ഇത് extra ordinary ആയി ഭരണപക്ഷവും

പ്രതിപക്ഷവും ചേർന്ന് ചർച്ച ചെയ്യുകയാണെങ്കിൽ വീണ്ടും ഒരു ഓർഡിനൻസിലേക്ക് പോകാതെ ഈ ബിൽ പാസ്സാക്കാൻ സാധിക്കും. അതിന് ബഹുമാനപ്പെട്ട സ്പീക്കറുടെ എല്ലാ മാർഗനിർദേശങ്ങളും അഭ്യർഥിക്കുന്നു. ജി.എസ്.ടി.-ആക്ടിലെ/ബില്ലിലെ ചില പീനൽ പ്രൊവിഷൻസ് സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. മറ്റൊരു കാര്യം, ജി.എസ്.ടി. ആരംഭിച്ചിട്ട് ഇപ്പോൾ ഏഴ് വർഷമാകുന്നു. ആദ്യത്തെ മൂന്നുനാല് വർഷം പരിചയക്കുറവ് കാരണം കറക്ട് സമയത്ത് രേഖകൾ സബ്മിറ്റ് ചെയ്യാത്തതിനാൽ അതിന് കച്ചവടക്കാരിൽനിന്നും ധാരാളം പിഴയും സെസും ഫൈനും ഈടാക്കേണ്ടതായി വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് പലതും ഇളവ് കൊടുത്തിട്ടുണ്ട്. ആദ്യത്തെ മൂന്നുനാല് വർഷം അവർക്കുണ്ടായ പരിചയക്കുറവുകളും മറ്റുമായി ബന്ധപ്പെട്ട വീഴ്ചകൾ കറക്ട് ചെയ്യാനുള്ള പ്രൊവിഷൻസുണ്ട്. കേരളത്തിൽമാത്രം ഇരുപതിനായിരത്തോളം വ്യാപാരികൾ ഇത്തരം കേസുകളിൽപ്പെട്ട് കിടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ആദ്യഘട്ടമെന്ന നിലയിൽ അവർക്ക് ചില ഇളവുകളും മറ്റും കൊടുക്കുന്ന തീരുമാനംകൂടി നമ്മുടെ ജി.എസ്.ടി. കൗൺസിലെടുത്തിട്ടുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കാനും മറ്റ്

ചില കാര്യങ്ങൾ കൊണ്ടുവരാനുമെന്നുള്ള നിലയിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അങ്ങ് ഇതിന് റൂളിംഗ് നൽകുകയും അതിനുശേഷം ഇക്കാര്യവുംകൂടി പരിഗണിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബില്ലിന്റെ കണ്ടന്റ് സൂചിപ്പിച്ചതോടുകൂടിതന്നെ ഇതിന് യാതൊരു എമർജൻസി സ്വഭാവവുമില്ലെന്ന് വളരെ വ്യക്തമായി. ആർട്ടിക്കിൾ 20 (1) അനുസരിച്ച് റിട്രോസ്പെക്റ്റീവ് ഇഫക്റ്റിൽ ഒരു പീനൽ പ്രൊവിഷൻ കൊണ്ടുവരാൻ സാധിക്കില്ല, കറക്ടാണ്. പീനൽ പ്രൊവിഷൻ ഇതിനകത്തുണ്ടെങ്കിലും കൊണ്ടുവരാൻ സാധിക്കില്ല. പക്ഷെ കേന്ദ്ര സർക്കാർ ബിൽ പാസ്സാക്കിയത് സെപ്റ്റംബർ 1-ാം തീയതിയാണ്. നമ്മൾ ഓർഡിനൻസ് പുറത്തിറിക്കുന്നത് സെപ്റ്റംബർ 19-ാം തീയതിയാണ്. അപ്പോൾ ഒന്നാം തീയതി മുതൽ പതിനെട്ടാം തീയതിക്കിടയിലുള്ള കാര്യങ്ങൾക്ക് നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? നിങ്ങൾ ആർട്ടിക്കിൾ 20 (1)-നെ ധിക്കരിച്ചുകൊണ്ട് റിട്രോസ്പെക്റ്റീവ് ഇഫക്റ്റ് കൊടുക്കുമോ; ഇത് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ്. ഒരു അർജൻസിയുമില്ല. നമ്മുടെ സ്റ്റേറ്റ് ലെജിസ്ലേച്ചർ

അഡോപ്റ്റ് ചെയ്യുമ്പോൾ മാത്രമെ ഈ ബിൽ കേരളത്തിൽ നിയമമാക്കുകയുള്ളൂ. അപ്പോൾമാത്രമെ അത്തരം ഇളവുകൾ അനുവദിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. അനാവശ്യമായി തിടുക്കത്തിൽ സഭ സമൻസ്........

മി. സ്പീക്കർ: പ്ലീസ്.....റൂൾ ചെയ്യാം....

ശ്രീ. വി. ഡി. സതീശൻ: സർ, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സൂചിപ്പിച്ചതനുസരിച്ചാണെങ്കിൽ ഇതിനുമുമ്പുള്ള മുഴുവൻ റൂളിംഗും തെറ്റാണെന്നുള്ള രീതിയിലാണ്. സെഷനെ അങ്ങനെ കണക്കാക്കരുത്. ഇവിടത്തെ റൂളിംഗുകളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുമെല്ലാം വ്യക്തമാണ്. സെഷൻ തീരുമാനിച്ചുകഴിഞ്ഞാൽ എക്സിക്യൂട്ടീവ് അത് കൊണ്ടുവരുന്നത് ലെജിസ്ലേച്ചറിനെ ഇഗ്നോർ ചെയ്യുന്നതിന് തുല്യമാണ്. എന്റെ പോയിന്റ് അതാണ്.

മി. സ്പീക്കർ: ചെയർ റൂൾ ചെയ്യാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സെപ്റ്റംബർ വരെയെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഞാൻ സൂചിപ്പിച്ച ആ ഭാഗം അദ്ദേഹം ശ്രദ്ധിച്ചില്ലെന്ന്

തോന്നുന്നു. കേന്ദ്ര സർക്കാർ ഒക്ടോബർ ഒന്നുമുതലാണ് ബിൽ പാസ്സാക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്. ഒക്ടോബർ ഒന്നുമുതൽ കേന്ദ്രത്തിൽ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഒക്ടോബർ ഒന്നുമുതൽ സംസ്ഥാനത്തും ആ നിയമം വരേണ്ടി വരുന്നു. നമ്മൾ ഇവിടെ പാസ്സാക്കിയാലും ഒക്ടോബർ 10-ാം തീയതിയോ 15-ാം തീയതിയോ പാസ്സാക്കാൻ കഴിയുകയുള്ളൂ. ഈ പതിനഞ്ച് ദിവസക്കാലത്തെ കാര്യങ്ങളിൽ ഒരു കൃത്യതയില്ല. അതായത് സെപ്റ്റംബറിൽ രണ്ടുഘട്ടമായി കേന്ദ്ര സർക്കാർ പാസ്സാക്കിയത് ജി.ഒ.-ആയി നോട്ടിഫിക്കേഷനായി പുറപ്പെടുവിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. നമുക്കിത് പ്രസിദ്ധീകരിക്കുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിലാണ് ലഭിക്കുന്നത്. അപ്പോൾത്തന്നെ ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചു. ഈ ഒരു പ്രശ്നമാണുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ പീനൽ പ്രൊവിഷനുൾപ്പെടെ ഒക്ടോബർ ഒന്നുമുതൽ പ്രാബല്യത്തിൽവന്നു. അതുവേണമെന്നുള്ളതുകൊണ്ടാണ് സൂചിപ്പിച്ചത്.